SUNDAY 06/04/2025 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


AGRICULTURE DEVELOPMENT AND FARMER'S WELFARE DEPARTMENT

GOVERNMENT OF KERALA

Chief Editor: Haripriya Devi VV (I/C) Editor: Dr. Binu Harriet Ivan



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 06/04/2025

1. മൂവാറ്റുപുഴ കാർഷിക മേള ഏപ്രിൽ 21 മുതൽ 30 വരെ ഇ ഇ സി മാർക്കറ്റ് ഗ്രൗണ്ടിൽ വച്ചു നടത്തുന്നു. കൃഷി വകുപ്പ്, ജില്ലാ ഭരണകുടം, ഡിടിപിസി, കുടുംബശ്രീ എന്നിവയുടെ സഹകരണത്തോടെയാണ് ബ്ലോക്ക് പഞ്ചായത്ത് മേള സംഘടിപ്പിക്കുന്നത്. കാർഷികോൽപന്ന മേള, കാർഷിക മത്സരങ്ങൾ, കാർഷിക വാരാചരണം, കർഷക സെമിനാറുകൾ, എന്നിവയെല്ലാം കാർഷിക മേളയിൽ ഉണ്ടാകും. കർഷക അവാർഡുകൾ, നാട്ടുചന്ത, അഗ്രി ഇൻവെസ്റ്റേഴ്സ് മീറ്റ്, ഇന്നവേഷൻ സെന്റർ, പാനൽ ചർച്ചകൾ, സ്റ്റുഡന്റ് ഫാമിങ് ഡേ, പി ഫോർ പെറ്റ്സ്, കൃഷി കല തുടങ്ങി ഓരോ ദിനവും വ്യത്യസ്ത പരിപാടികളാണ് ക്രമീകരിച്ചിരിക്കുന്നത്. ശീതീകരിച്ച ഒരു ലക്ഷം ചതുരശ്ര അടി പവിലിയനിലാണ് മേള ഒരുങ്ങുന്നത്. കാർഷികമേളയ്ക്കു പുറമേ ഊട്ടി മാതൃകയിലുള്ള പുഷ്പമേള, സസ്യപ്രദർശനവും വിൽപനയും, കൃത്രിമ വനം, വളർത്തു മൃഗങ്ങളുടെ സംഗമം, തുരങ്കപ്പാതയിലൂടെ അലങ്കാര മത്സ്യ പ്രദർശനം, സർക്കാർ-അർധ സർക്കാർ സ്റ്റാളുകൾ, വ്യാപാര വിപണന മേള, അസ്ട്രോ ഫിസിക്സ് പവിലിയൻ, കുടുംബശ്രീ ഭക്ഷ്യമേള, ഫുഡ് വ്ലോഗർ കോർണർ, വിപുലമായ കലാസന്ധ്യ, അമ്യൂസ്മെന്റ് കാർണിവൽ, ഇൻസ്റ്റലേഷനുകൾ, സെൽഫി കോർണർ, ഭാഗ്യ പരീക്ഷണ നറുക്കെടുപ്പ്, എന്നിവയും സംഘടിപ്പിക്കുമെന്നു ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അറിയിച്ചു.

2. കേരള കാർഷിക സർവ്വകലാശാല സെൻട്രൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൻ്റെ നേതൃത്വത്തിൽ 4 ദിവസത്തെ അവധിക്കാല കൃഷി പഠന ക്യാമ്പ് സംഘടിപ്പിക്കുന്നു. കുട്ടികൾക്ക് അടിസ്ഥാന കൃഷിപാഠങ്ങൾ പകർന്നു കൊടുക്കുന്ന ക്യാമ്പിന് 12 മുതൽ 15 വയസ്സ് വരെയുള്ള കുട്ടികൾക്ക് അപേക്ഷിക്കാവുന്നതാണ്. *2025 ഏപ്രിൽ 22 മുതൽ 25 വരെ*

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

തൃശ്ശൂർ വെള്ളാനിക്കരയിൽ സ്ഥിതിചെയ്യുന്ന കർഷകഭവനിൽ വെച്ചാണ് 'കുഞ്ഞാളങ്ങൾ' എന്ന പേരിൽ ക്യാമ്പ് നടക്കുന്നത്. പങ്കെടുക്കാൻ താല്പര്യമുള്ളവർ ഏപ്രിൽ 15 ന് മുമ്പ് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0 4 8 7 23 71 10 4 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

3. ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിൽ എഞ്ചിനീയറിങ്് & പ്രോസസ്സിങ്് ഡിവിഷനിൽ 'ജൂനിയർ എഞ്ചിനീയർ സിവിൽ' തസ്തികയിലേക്ക് താൽക്കാലികാടിസ്ഥാനത്തിൽ നിയമനം നടത്തുന്നു.. ഉദ്യോഗാർത്ഥികൾക്ക് സിവിൽ എൻജിനീയറിങ്ങിൽ ഫസ്റ്റ്ക്ലാസ് മാർക്കോടെ ബിടെക് ബിരുദവും സിവിൽ വർക്ക് സൂപ്പർവിഷൻ, എസ്റ്റിമേഷൻ, ബില്ലിങ്ങ്, എന്നിവയിൽ മൂന്നുവർഷത്തെ പരിചയവും ഉണ്ടായിരിക്കണം. അപേക്ഷകർക്ക് 2025 ജനുവരി 1-ന് 28 വയസ്സ് കവിയാൻ പാടില്ല. താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ പ്രായം, യോഗ്യത, പരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ കോപ്പികൾ സഹിതം 2025 ഏപ്രിൽ 07-ന് ഉച്ചകഴിഞ്ഞ് 2 മണിക്ക് മുമ്പ് ലഭിക്കത്തക്കവിധം ജോയിന്റ് ഡയറക്ടർ (ഇ&പി), എഞ്ചിനീയറിങ്് & പ്രോസസ്സിങ്് ഡിവിഷൻ, ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം, റബ്ബർബോർഡ് പി. ഒ. കോട്ടയം -686009 എന്ന വിലാസത്തിൽ അപേക്ഷിക്കുക. വിശദാംശങ്ങൾക്ക് www.rubberboard.gov.in സന്ദർശിക്കുക. ഫോൺ: 0481-2353311 (എക്സ്റ്റൻഷൻ-236)

4. കേരള മത്സ്യവിത്ത് ആക്ട് പ്രകാരം രജിസ്ട്രേഷൻ ലഭിച്ചിട്ടുള്ള എല്ലാ മത്സ്യ ഫാമുകൾ, ഹാച്ചറി, അക്വേറിയം ഷോപ്പുകൾ എന്നിവയുടെ ലൈസൻസ് കാലാവധി 2025-26 വർഷത്തേയ്ക്ക് ലൈസൻസ് പുതുക്കുന്നതിനായി അപേക്ഷകൾ ഏപ്രിൽ 15 ന് മുമ്പ് ആലപ്പുഴ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽ സമർപ്പിക്കണം. ഫോറം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

നമ്പർ ഒമ്പതിലുള്ള അപേക്ഷയും ഫോറം നമ്പർ 10, 11 എന്നിവയും പൂരിപ്പിച്ച് പഴയ ലൈസൻസ്, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൻ്റെ കോപ്പിയും, തിരിച്ചറിയൽ രേഖയും ഇതോടൊപ്പം സമർപ്പിക്കേണ്ടതാണ് എന്ന് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു. ഫോൺ 0477 2251103.

**കാർഷിക മൃഗസംരക്ഷണ നിർദ്ദേശം**

കുരുമുളകിൽ കാണുന്ന സാവധാന വാട്ടരോഗത്തെ നിയന്ത്രിക്കുന്നതിനായി കുരുമുളക് ചെടിയുടെ ചുവട്ടിൽ വേപ്പിൻപിണ്ണാക്ക് ഇട്ടുകൊടുക്കുക. കൂടാതെ പീസിലോമൈസെസ് ലൈലാസിനസ് എന്ന മിത്ര ജീവാണുക്കൾ 25 ഗ്രാം വീതം ഓരോ ചെടിയുടെ ചുവട്ടിലും ഇട്ടുകൊടുക്കുക. രോഗം രൂക്ഷമാവുകയാണെങ്കിൽ മൂന്ന് ഗ്രാം കോപ്പർ ഓക്സിക്ലോറൈഡ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി ഓരോ ചെടിയുടെ ചുവട്ടിലും മണ്ണ് കുതിരത്തക്ക വണ്ണം ഒഴിച്ചു കൊടുക്കുക.

കിഴങ്ങ് വർഗ്ഗങ്ങൾ - വേനൽ മഴ ലഭിച്ച സ്ഥലങ്ങളിൽ ചേമ്പ്, ചേന, കാച്ചിൽ മുതലായ കിഴങ്ങുവർഗ്ഗങ്ങൾ ഇപ്പോൾ നടാവുന്നതാണ്.

**മൃഗസംരക്ഷണം-:** മൂടിക്കെട്ടിയ അന്തരീക്ഷ സ്ഥിതി ഉള്ളപ്പോൾ പശുവിനെ കുളിപ്പിക്കുകയോ തൊഴുത്ത് കഴുകുകയോ ചെയ്യരുത്. ഇങ്ങനെ ചെയ്താൽ ചൂട് കൂടുതൽ അനുഭവപ്പെടും. കന്നുകാലിത്തൊഴുത്തിൽ ആവശ്യമെങ്കിൽ ഫാനുകളുടെ സഹായത്തോടെ വായുസഞ്ചാരം കൂട്ടുന്നതും വശങ്ങൾ തുറന്നുവയ്ക്കുന്നതും പറ്റുമെങ്കിൽ മേൽക്കൂരയുടെ ഉയരം കൂട്ടുന്നതും നല്ലതാണ്. തൊഴുത്തിലും മേച്ചിൽ സ്ഥലങ്ങളിലും കുടിക്കാൻ ശുദ്ധജല ലഭ്യത ഉറപ്പു വരുത്തുക.